# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2609 — 09/03/2017 -ലെ മറുപടി

## ജപ്പാൻ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.കെ.സി.മമ്മത് കോയ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരളത്തിൽ ജപ്പാൻ സഹായത്തോടെ യുള്ള (ജിക്ക) കുടിവെള്ള പദ്ധതികൾ എന്നാണ് പ്രവൃത്തികൾ ആരംഭിച്ചത്; ഇത് ഏതൊക്കെ ജില്ലകളിലാണ് ഉള്ളത്; ഏതൊക്കെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലാണ് ഇതുമൂലം ജലം എത്തിക്കാൻ വിഭാവനം ചെയ്തത്; വിശദവിവരങ്ങൾ നൽകാമോ; | (എ) 2006-ൽ പ്രവർത്തനം ആരംഭിച്ച ജപ്പാൻ കുടിവെള്ള പദ്ധതികൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ഉള്ളത്.<br>**തിരുവനന്തപുരം** പദ്ധതിയിലൂടെ തിരുവനന്തപുരം നഗരത്തിൽ പഴയ വിഴിഞ്ഞം, കഴക്കൂട്ടം പഞ്ചായത്ത് പ്രദേശങ്ങൾ ഒഴികെ മറ്റ് പ്രദേശങ്ങളിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും ശുദ്ധജലം ലഭിക്കുന്നു. പഴയ നേമം, തിരുവല്ലം എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ വിതരണ ശൃംഖല ജനറം പദ്ധതി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ജലം ജപ്പാൻ പദ്ധതിയിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. കൊല്ലം ജില്ലയിലെ **മീനാട്** പദ്ധതിയിലൂടെ പറവൂർ മുനിസിപ്പാലിറ്റിക്കും കരവാളൂർ, അഞ്ചൽ, ഇടമുളക്കൽ, ചാത്തന്നൂർ, ഉമ്മന്നൂർ, ഇളമാട്, പൂയപ്പള്ളി, വെളിയം. നെടുമ്പന, ആദിച്ചനല്ലൂർ, ചിറക്കര, പൂതക്കുളം, മയ്യനാട് എന്നീ 13 പഞ്ചായത്തുകൾക്കും ആലപ്പുഴ ജില്ലയിലെ **ചേർത്തല** പദ്ധതിയിലൂടെ ചേർത്തല മുനിസിപ്പാലിറ്റിക്കും ചേർത്തല തെക്ക്, പള്ളിപ്പുറം, പാണാവള്ളി, തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി, പെരുമ്പളം, അരൂർ, എഴുപുന്ന, കുത്തിയതോട്, തുറവൂർ, വയലാർ, പട്ടണക്കാട്, കടക്കരപ്പള്ളി, കോടംതുരുത്ത്, തണ്ണീർമുക്കം, മുഹമ്മ, കഞ്ഞിക്കുഴി, മാരാരിക്കുളം (വടക്ക്) എന്നീ 18 പഞ്ചായത്തുകൾക്കും **കോഴിക്കോട്** |

പദ്ധതിയിലൂടെ കോഴിക്കോട് കോർപ്പറേഷനും ബാലുശ്ശേരി, ചേളന്നൂർ, എലത്തൂർ, തലക്കുളത്തൂർ, നന്മണ്ട, കാക്കൂർ, ബേപ്പൂർ, ചെറുവണ്ണൂർ, ഒളവണ്ണ, കടലുണ്ടി, കക്കോടി, നരിക്കുനി, കുന്ദമംഗലം, പെരുവയൽ, കുറുവട്ടൂർ, പെരുമണ്ണ, എന്നീ 16 പഞ്ചായത്തുകൾക്കും, കണ്ണൂർ ജില്ലയിലെ **പട്ടുവം** പദ്ധതിയിലൂടെ തളിപ്പറമ്പ് മുനിസിപ്പാലിറ്റിക്കും ചപ്പാരപ്പടവ്, കടന്നപ്പള്ളി, പരിയാരം, കുറുമാത്തൂർ, പട്ടുവം, മാട്ടൂൽ, കല്ല്യാശ്ശേരി, പാപ്പിനിശ്ശേരി, ചെറുകുന്ന്, കണ്ണപുരം, ഏഴോം എന്നീ 11 പഞ്ചായത്തുകൾക്കും ജലം എത്തിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) ഈ പദ്ധതികൾക്ക് എത്ര തുകയാണ് ചെലവ് പ്രതീക്ഷിച്ചത്; ഇപ്പോൾ എത്ര തുക ചെലവഴിച്ചു; ഇതിൽ എത്ര ശതമാനം തുകയാണ് സഹായമായി കിട്ടുന്നത്; എത്ര തുക കിട്ടി; വിശദ വിവരങ്ങൾ നൽകാമോ;

(ബി) ഈ പദ്ധതികൾക്ക് എല്ലാം കൂടി 2987 കോടി രൂപയാണ് ചെലവ് പ്രതീക്ഷിച്ചത്. ഇപ്പോൾ 2563 കോടി രൂപ ചെലവഴിച്ചു. ഇതിൽ 89% തുകയാണ് വിദേശ സഹായം. ഇതുവരെ 2216.74 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. (ജപ്പാൻ ബാങ്കിൽ നിന്നുള്ള ധനസഹായത്തിന്റെ കാലാവധി 27/7/2015-ൽ അവസാനിച്ചു. ശേഷിക്കുന്ന പണികൾക്കുള്ള തുക കേരള സർക്കാരന്റെ ബഡ്ജററിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.)

(സി) സംസ്ഥാനത്ത്നിലവിൽ എവിടെയൊക്കെ ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തു; എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിച്ചിട്ടുണ്ട്; ഇനി എവിടെയൊക്കെയാണ് പ്രവൃത്തികൾ തീരാനുള്ളത്; ഇത് എന്നേക്ക് പൂർത്തിയാകും;വിശദവിവരങ്ങൾ നൽകാമോ?

(സി) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പട്ടുവം, ചേർത്തല പദ്ധതികൾ വിഭാവനം ചെയ്ത ഘടകങ്ങൾ പൂർണ്ണമായും തിരുവനന്തപുരം, മീനാട് കോഴിക്കോട് പദ്ധതികൾ ഭാഗീകമായും കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇതുവരെ ഏകദേശം ഒരു ലക്ഷം കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിച്ചിട്ടുണ്ട്. തിരുവനന്തപുരം, മീനാട്, കോഴിക്കോട് പദ്ധതികളുടെ വിതരണ ശൃംഖലയുടെ പണികൾ യഥാക്രമം ജൂൺ 2017, ഡിസംബർ 2017, ഡിസംബർ 2018-ഓടുകൂടി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

JSK/